ക്യൂ.ബി.

# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2236

18.07.2016 -ൽ മറുപടിക്ക്

## സ്റ്റാർട്ട് വില്ലേജാഫീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. അയിഷാ പോറ്റി | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വില്ലേജ് ആഫീസുകളുടെ നവീകരണ ത്തിനായി സ്വീകരിക്കുന്ന പദ്ധതികൾ വിശദമാക്കാമോ; | (എ) ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് പ്രാഥമിക പരിഗണന നൽകി സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനും ജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിനുമായി സ്റ്റാർട്ട്(SMART) റവന്യൂ ഓഫീസ് പദ്ധതി നടപ്പാക്കി വരുന്നു. |
| (ബി) കഴിഞ്ഞ യു.ഡി.എഫ് സർക്കാർ എത്ര സ്റ്റാർട്ട് വില്ലേജാഫീസുകൾ നിർമ്മിച്ചു എന്നും അവയുടെ വിശദാംശങ്ങളും വെളിപ്പെടുത്തമോ; | (ബി) 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച സ്റ്റാർട്ട് റവന്യൂ ഓഫീസ് പദ്ധതി ഒന്നാംഘട്ടത്തിൽ 1.60 കോടി രൂപ ചെലവിൽ 14 ജില്ലകളിലെ ഓരോ വില്ലേജാഫീസുകളും രണ്ടാം ഘട്ടത്തിൽ 3.29 കോടി രൂപ ചെലവിൽ 8 ജില്ലകളിലായി 11 വില്ലേജാഫീസുകളും മൂന്നാം ഘട്ടത്തിൽ 3.91 കോടി രൂപ ചെലവിൽ 5 ജില്ലകളിലായി 9 വില്ലേജാഫീസുകളും സ്റ്റാർട്ട് റവന്യൂ ഓഫീസ് നിർമ്മിക്കുന്നതിന് നടപടിയെടുത്തു. ഓരോ ഘട്ടത്തിലുമുള്ള വില്ലേജാഫീസുകളും അവയുടെ നിർമ്മാണ പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) കൊട്ടാരക്കര നിയോജക മണ്ഡല ത്തിൽപ്പെടുന്ന വെളിയം വില്ലേജ് ആഫീസിന് പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന്റെ പരിഗണനയിൽ ഉണ്ടായിരുന്ന ഫയലിൽ (18049/F2/Revenue) സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ; ഭരണാനുമതി നൽകാൻ നടപടി എടുക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) വെളിയം വില്ലേജ് ആഫീസിന് പുതിയ കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കി ലാൻഡ് റവന്യൂ കമ്മീഷണർ വഴി എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിലേക്കയച്ചിരുന്നെങ്കിലും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകത്തിൽ തുകയില്ലാതിരുന്ന സാഹചര്യത്തിൽ നടപ്പു സാമ്പത്തിക വർഷം ഈ വിഷയത്തിൽ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**